പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1444 16-10-2026-ൽ മറുപടിയ്ക്ക്

നെൽകൃഷി മേഖലയിലെ പ്രതിസന്ധി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. വി. കെ. സനോജ്

മറുപടി നൽകിയ മന്ത്രി

ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

(എ) നെൽകൃഷി മേഖലയിലെ പ്രതിസന്ധി വിലയിരുത്തിയിട്ടുണ്ടോ;

മറുപടി: ഉണ്ട് . നഗരവത്കരണം, വ്യവസായങ്ങൾ, പൊതു ആവശ്യങ്ങൾ എന്നിവയ്ക്ക് വേണ്ടി നെൽവയലുകൾ തരം മാറ്റി ഉപയോഗിക്കുക, കാലാവസ്ഥാ വ്യതിയാനവും അതുമൂലമുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾ, അതിവർഷം, വരൾച്ച, ഉഷ്ണതരംഗം എന്നിവ കാരണം കുറഞ്ഞു വരുന്ന മണ്ണിന്റെ ഫലഭൂയിഷ്ഠത, ഉയർന്ന ഉത്പാദന ചെലവ്, അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം, തൊഴിലാളികളുടെ ലഭ്യതക്കുറവ്, അനധികൃത നിലം നികത്തൽ, തുണ്ടുവൽക്കരിക്കപ്പെട്ട കൃഷിഭൂമിയിൽ യന്ത്രവൽക്കരണം പൂർണ്ണമായും നടപ്പിലാക്കുന്നതിനുള്ള പരിമിതി എന്നിവയാണ് നിലവിൽ കർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ.

(ബി) നെല്ലിന്റെ ഗുണനിലവാരം നിർണ്ണയിച്ച് വില തിട്ടപ്പെടുത്തുന്നതിൽ മില്ലുടമകൾ സ്വീകരിക്കുന്ന തെറ്റായ നടപടികൾ ഒഴിവാക്കാൻ സർക്കാർ ഇടപെടുമോയെന്ന് വിശദമാക്കാമോ;

മറുപടി: കേന്ദ്ര സർക്കാർ ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ മാർഗ്ഗനിർദ്ദേശപ്രകാരം സെൻട്രൽ പൂളിലേക്ക് നൽകുന്ന നെല്ല് ഫെയർ ആവറേജ് ക്വാളിറ്റി (FAQ) മാനദണ്ഡങ്ങൾ നിർബന്ധമായും പാലിക്കേണ്ടതുണ്ട്. നെല്ലിന്റെ ഈർപ്പം ഉൾപ്പെടെയുള്ള ഘടകങ്ങളിൽ അനുവദനീയമായ അളവുകളെക്കുറിച്ച് രജിസ്ട്രേഷൻ സമയത്തും പാഡി മാർക്കറ്റിംഗ് ഓഫീസർമാർ മുഖേനയും കർഷകർക്കിടയിൽ ബോധവൽക്കരണം നടത്തിവരുന്നുണ്ട്.

എന്നാൽ, കുട്ടനാട് ഉൾപ്പെടെയുള്ള മേഖലകളിൽ കൊയ്തെടുക്കുന്ന നെല്ല് പലപ്പോഴും ഈ മാനദണ്ഡങ്ങളിൽ നിന്ന് വ്യതിചലിക്കാറുണ്ട്. നിർബന്ധിത ഔട്ട്-ടേൺ റേഷ്യോ (OTR) കൈവരിക്കുന്നതിനായി മില്ലുടമകൾ തൂക്കക്കിഴിവ് ആവശ്യപ്പെടുന്നത് കർഷക പ്രക്ഷോഭങ്ങൾക്കും സംഭരണത്തിൽ വലിയ കാലതാമസത്തിനും ഇടയാക്കുന്നു. ഫീൽഡ്തല ഉദ്യോഗസ്ഥർ പ്രധാനമായും മാനുവൽ ആയ ദൃശ്യപരിശോധനകളെയും മോയ്സ്ചർ മീറ്ററുകളെയും മാത്രമാണ് ഗുണനിലവാരം നിശ്ചയിക്കാൻ ആശ്രയിക്കുന്നത്. FAQ നിലവാരത്തിന് താഴെയുള്ള നെല്ലിന് കൃത്യമായോ നിയമപരമായി അംഗീകരിക്കപ്പെട്ടതോ ആയ കിഴിവ് മാനദണ്ഡങ്ങൾ ഇല്ലാത്തതിനാൽ, ഔദ്യോഗികമായി കിഴിവുകൾ നിർണ്ണയിക്കാൻ ഉദ്യോഗസ്ഥർക്ക് അധികാരമില്ലാതെ വരികയും തർക്കങ്ങൾ അനൗദ്യോഗികമായി പരിഹരിക്കപ്പെടുകയും ചെയ്യുന്നു.

ഈ പ്രശ്നങ്ങൾക്ക് ശാസ്ത്രീയ പരിഹാരം കാണുന്നതിനും കർഷകർക്ക് ന്യായമായ വില ഉറപ്പാക്കുന്നതിനുമായി ഐ.ഐ.ടി പാലക്കാടുമായി ചേർന്ന് "Neli-Vision: Intelligent Portable Paddy Quality Analyser" എന്ന ഡാറ്റാ അധിഷ്ഠിത ഗവേഷണ പദ്ധതിക്ക് സൈക്കോ രൂപം നൽകിയിട്ടുള്ളത്

പരിശോധിച്ചു വരുന്നു. ഇത് നടപ്പിലാക്കുന്നതോടെ സംഭരണ കേന്ദ്രങ്ങളിലെ ഗുണനിലവാര പരിശോധനയും കിഴിവ് നിർണ്ണയവും പൂർണ്ണമായും ഓട്ടോമേറ്റഡ് മെഷിൻ സംവിധാനത്തിലേക്ക് മാറി തത്സമയവും കൃത്യതയുമായി നെല്ല് സംഭരണ നടപടികൾ നിർവ്വഹിക്കാൻ സാധിക്കും.

(സി) നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

<u>മറുപടി:</u> നെല്ലിന്റെ താങ്ങുവില നിശ്ചയിക്കുന്നത് കേന്ദ്രസർക്കാരാണ്. 2025-26 സീസണിൽ കേന്ദ്ര സർക്കാർ ഭക്ഷ്യ പൊതുവിതരണ വകുപ്പ് നിശ്ചയിക്കുന്ന മിനിമം താങ്ങുവില (MSP) കോമൺ നെല്ലിന് ക്വിന്റലിന് 2,369 രൂപയും ഗ്രേഡ്-A നെല്ലിന് 2,389 രൂപയുമായിരുന്നെങ്കിൽ , 2026-27 സീസണിൽ ഇത് യഥാക്രമം 2,441 രൂപയും 2,461 രൂപയുമായി ഉയർന്നു; ഇതനുസരിച്ച് 2025-26 സീസണുമായി താരതമ്യം ചെയ്യുമ്പോൾ കോമൺ, ഗ്രേഡ്-A നെല്ലുകൾക്ക് ക്വിന്റലിന് 72 രൂപവീതമാണ് വർധനവ് ഉണ്ടായിട്ടുള്ളത്.

കേരളത്തിൽ നെല്ലിന്റെ താങ്ങുവില കേന്ദ്ര സർക്കാർ വിഹിതവും സംസ്ഥാന സർക്കാർ വിഹിതവും (state incentive bonus) ഉൾപ്പെടെയാണ് നൽകുന്നത്. നിലവിൽ 30 രൂപയാണ് നെല്ലിന്റെ താങ്ങുവിലയായി കേരളത്തിൽ നിശ്ചയിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ